**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2564** **21-01-2021 - ൽ മറുപടിയ്ക്ക്**

**റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജി ചെറിയാൻ** | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ചെങ്ങന്നൂർ ആലാ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നമ്പർ 2123-ലെ സെക്രട്ടറിയായിരുന്ന പി.എം.തോമസ് 30/12/2011-ൽ വിരമിച്ചിട്ടും ആനുകൂല്യം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ആലാ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2123-ലെ സെക്രട്ടറിയുടെ ചുമതല വഹിച്ചു വരവേ ശിക്ഷണ നടപടിക്ക് വിധേയനായി 24.09.2011 ൽ സസ്പെൻഷനിൽ ഇരിക്കെ വിരമിച്ച ശ്രീ.പി.എം.തോമസിനെ ബാങ്ക് നടത്തിയ ഡൊമസ്റ്റിക് എൻക്വയറിയെ തുടർന്ന് 06.08.2012 ൽ കൂടിയ ഭരണസമിതി യോഗ തീരുമാനപ്രകാരം സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു. നാളിതുവരെ ടിയാന് പെൻഷൻ ആനുകൂല്യം നൽകുന്നതിന് ശുപാർശ ചെയ്ത് കൊണ്ടുള്ള അപേക്ഷ ബാങ്ക് അധികൃതരിൽ നിന്നും ബോർഡിന് ലഭിച്ചിട്ടില്ല. |
| (സി) | തിരുവനന്തപുരം സഹകരണ വ്യവഹാര കോടതിയുടെ 12/04/2018-ലെ എ.ആർ.സി.6512 നമ്പർ വിധി പ്രകാരവും സഹകരണ ട്രിബ്യൂണലിന്റെ 24/12/2018-ലെ അപ്പീൽ നമ്പർ 44/2018 പ്രകാരവുമുള്ള വിധി ഉണ്ടായിട്ടും ആനുകൂല്യങ്ങൾ നൽകാത്ത കാരണം വിശദീകരിക്കുമോ; | (സി) | 2008-09 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.ജി വായ്പയിനത്തിൽ സ്വയം സഹായ സംഘങ്ങൾക്കും കുടുംബശ്രീകൾക്കും വായ്പ നൽകിയതായി കൃത്രിമ രേഖകൾ ഉണ്ടാക്കി വായ്പക്ക് അപേക്ഷയോ ബോണ്ടുകളോ ഇല്ലാതെ ബാങ്കിൽ നിന്നും 19.49 ലക്ഷം രൂപ അപഹരിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതി 24.09.2011 ൽ തീരുമാനം എടുത്ത് ശ്രീ.പി.എം.തോമസിനെ സസ്പെൻഡ് ചെയ്തു. ടി വിഷയത്തിൽ ബാങ്ക് നടത്തിയ ഡൊമസ്റ്റിക് എൻക്വയറിയിൽ മുൻ സെക്രട്ടറി ശ്രീ.പി.എം.തോമസ് ഗുരുതരമായ സാമ്പത്തിക കുറ്റം നടത്തിയതായി റിപ്പോർട്ട് ചെയ്തതു പ്രകാരം 06.08.2012 ൽ കൂടിയ ബാങ്ക് ഭരണസമിതി യോഗ തീരുമാനപ്രകാരം ശ്രീ.പി.എം.തോമസിനെ സസ്പെൻഷൻ നടപ്പാക്കിയ 24.09.2011 മുതൽ മുൻകാല പ്രാബല്യത്തിൽ പിരിച്ചു |

| | | | |
|---|---|---|---|
| | | | വിട്ടു. ടി നടപടിക്കെതിരെ ശ്രീ.പി.എം.തോമസ് സഹകരണ ആർബിട്രേഷൻ കോടതിയിൽ ഫയൽ ചെയ്ത 12.04.2018 ലെ എ.ആർ.സി 6512 നമ്പർ കേസിലെ വിധി പ്രകാരം ടിയാന് വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് ഉത്തരവായി. ടി വിധിയ്ക്കെതിരെ ബാങ്ക് ഭരണസമിതി സഹകരണ ട്രൈബ്യൂണലിൽ ഫയൽ ചെയ്ത അപ്പീൽ തള്ളി 24.12.2018 ൽ 44/2018 നമ്പരായി ട്രൈബ്യൂണലിൽ നിന്നുള്ള എക്സ് പാർട്ടി വിധി ഉണ്ടായി. ടി വിധി നടപ്പിലാക്കി കിട്ടുന്നതിനായി ആലപ്പുഴ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് ശ്രീ.പി.എം.തോമസ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ.പി.എം.തോമസിൽ നിന്നും ആല സർവ്വീസ് സഹകരണ ബാങ്കിന് ഏതെങ്കിലും തുക ഈടാക്കാൻ ബാക്കിയുണ്ടെങ്കിൽ ആയത് ഈടാക്കി എടുത്തുകൊണ്ട് സഹകരണ ട്രിബ്യൂണലിന്റെ വിധി സമയബന്ധിതമായി നടപ്പാക്കുന്നതിന് 30.01.2019 തീയതിയിലെ സി.ആർ.പി(2)250/2019 നമ്പർ കത്ത് പ്രകാരം ബാങ്ക് അധികൃതർക്ക് നിർദ്ദേശം നൽകി. ബാങ്ക് ഭരണസമിതി സഹകരണ ട്രൈബ്യൂണലിന്റെ അന്തിമ വിധിക്കെതിരെ ബഹു.കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)7340/2019 നമ്പരായി റിട്ട് പെറ്റീഷൻ 09.03.2019 തീയതിയിൽ ഫയൽ ചെയ്തു. പ്രസ്തുത റിട്ട് പെറ്റീഷൻ ബഹു.കേരളാ ഹൈക്കോടതിയുടെ പരിഗണനയിലാണ്. സഹകരണ നിയമം ചട്ടം 198(8) പ്രകാരം അഴിമതി നടത്തി എന്ന കാരണത്താൽ സേവനത്തിൽ നിന്നും പിരിച്ചു വിടപ്പെട്ട ജീവനക്കാരന് ഭരണസമിതിയിൽ നിന്നും ബാധ്യതാരഹിത സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയതിന് ശേഷം മാത്രമേ വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുള്ളൂ. ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സഹകരണ നിയമം വകുപ്പ് 65,66 പ്രകാരവും 68(1) പ്രകാരവും ശ്രീ.പി.എം.തോമസി നെതിരെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ഉത്തരവ് പുറപ്പെടുവി ക്കുന്നതിന് മുന്നോടിയായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ടി ബാങ്ക് ഭരണസമിതിയുടെ 29.12.2012 തീയതിയിലെ തീരുമാനപ്രകാരം മുൻ സെക്രട്ടറിയായ ശ്രീ.പി.എം.തോമസി നെതിരെ ARC 74/2013 നമ്പർ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നതുമാണ്. |
| (ഡി) | വിധി ലംഘിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം | (ഡി) | ശ്രീ.പി.എം.തോമസിന് പെൻഷൻ ആനുകൂല്യം |

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | | ലഭിയ്ക്കുന്നതിനായി യാതൊരു അപേക്ഷയും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ടെ ഓഫീസിൽ ഇന്നേവരെ ലഭിച്ചിട്ടില്ല. |
| (ഇ) | പെൻഷൻ ആനുകൂല്യങ്ങളും പെൻഷനും പി.എം.തോമസിന് എന്ന് നൽകുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (ഇ) | ശ്രീ.പി.എം.തോമസിന്റെ പെൻഷനും ആനുകൂല്യങ്ങളും നൽകുന്നതിനുള്ള ഉത്തരവാദിത്വം ആല സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷിപ്തമാണ്. പെൻഷൻ നൽകുന്നതിനായി ബാങ്ക് ഭരണസമിതി തീരുമാനം കൈക്കൊണ്ട് ക്രമപ്രകാരമുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പെൻഷൻ നൽകാൻ കഴിയുന്നത് സംബന്ധിച്ച് പരിശോധന നടത്താവുന്നതാണ് |

സെക്ഷൻ ഓഫീസർ